പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3675 15.12.2014 -ൽ മറുപടിയ്ക്ക്

## പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താല്ക്കാലിക നിയമനങ്ങളും സ്ഥിരപ്പെടുത്തലും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>,, ടി.വി.രാജേഷ്<br>,, ആർ. രാജേഷ്<br>,, ബി.ഡി. ദേവസ്സി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | താല്ക്കാലിക ഒഴിവുകളിലേക്കുള്ള നിയമനങ്ങളും പി.എസ്.സി പട്ടികയിൽ അർഹരായവരിൽ നിന്നായിരിക്കണം എന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിയമനത്തിന് തയ്യാറാക്കിയ ഹെൽപ്പർ/പ്യൂൺ റാങ്ക് ഹോൾഡേഴ്സ് വനിതാ അസ്സോസിയേഷനു വേണ്ടി സെക്രട്ടറി ചന്ദ്രലേഖ.എൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത എച്ച്.ആർ.എം.പി നമ്പർ 8886/2014 ലെ കമ്മീഷന്റെ 27.11.2014 ലെ നടപടി ക്രമത്തിൽ ബഹു. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും |

| | | | |
|---|---|---|---|
| | | | വിധികൾ അനുസരിച്ച് പി.എസ്.സി യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുവാൻ പാടില്ല, താല്ക്കാലികമായിട്ടാണ് നിയമനം നടത്തുന്നതെങ്കിലും പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് എടുക്കാവുന്നതാണ്, പി.എസ്.സി റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെടുക്കരുതെന്ന് ബഹു. ഹൈക്കോടതി വ്യക്തമായി വിധിച്ചിട്ടുള്ളതാണ് എന്ന് നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി)<br><br><br><br><br>(സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഏതെങ്കിലും വകുപ്പുകളിലോ സ്ഥാപനങ്ങളിലോ താത്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ;<br>എങ്കിൽ ആയതു പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കെ മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം | (ബി) യും (സി) യും | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | നടത്തരുതെന്ന ബഹു.സുപ്രീം കോടതി, ഹൈക്കോടതി വിധി കളോട് എപ്രകാരമാണ് യോജിച്ചു പോകുന്നത് ; അപ്രകാരമുള്ള നിയമനങ്ങളെല്ലാം റദ്ദാക്കുമോ; | | |

സെക്ഷൻ ഓഫീസർ